LIBRARY ARCHIVES Kerala Legislative Assembly

സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇംഹാൻസിന് പദ്ധതി പ്രവർത്തനത്തിനായി ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെങ്കിലും പദ്ധതിക്ക് മുടക്കം വരാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിനുള്ള പരിശോധന

67 (T 2618) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് ഏത് തരത്തിലുള്ള പരിശോധനയാണ് നടത്തുന്നത് ; ഏത് മാനദണ്ഡപ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത് ; പരിശോധന നടത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത് ?

ഉത്തരം

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് GCMSMS (Gas Cromatograph Mass Spectro Photo Meter) എന്ന ആധുനിക സംവിധാനം ഉപയോഗിച്ചുള്ള രാസപരിശോധനയാണ് നടത്തുന്നത്. ടി സംവിധാനം കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ ലഭ്യമായിട്ടുള്ളതും ടി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ വിപണികളിൽനിന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ നിലവാര ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള എറണാകുളം, തിരുവനന്തപുരം ലാബുകളിൽ GCMSMS വാങ്ങാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു